**അഴിമതിക്കെതിരെ നടന്ന അണ്ണാഹസാരേയുടെ സമരത്തിനോട് യോജിക്കുന്നതിനോടൊപ്പം ചില വിയോജിപ്പുകളും പ്രക്ഷോഭത്തെക്കുറിച്ച് ചില ചോദ്യങ്ങളും ചില സന്ദേഹങ്ങളും പങ്കുവയ്ക്കുന്നു ബ്ലോഗർ വെറുതേ ഒരില**

# അണ്ണാ ഹസാരേ മൂത്താൽ ഗാന്ധിജി ആവുമോ?

**അഴിമതിക്കെതിരെ** വിപ്ലവകരമായ ഇടപെടലുകൾ സാധ്യമാക്കുന്ന ലോക്പാൽ ബിൽ നടപ്പാക്കണം എന്നതടക്കമുള്ള ആവശ്യങ്ങളുയർത്തി ഇന്ദ്രപ്രസ്ഥത്തിൽ അണ്ണാഹസാരേയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രക്ഷോഭം ഒരു ദിവസം കൂടി പിന്നിടുന്നു. സി.എൻ.എൻഐ.ബി.എൻ, എൻ.ഡി.ടി.വി,ടൈംസ് നൌ തുടങ്ങിയ ചാനലുകളും ടൈംസ് ഓഫ് ഇന്ത്യ അടക്കമുള്ള പത്രങ്ങളും സർക്കാരിതര സംഘടനകളും ഗാന്ധിയൻ കൂട്ടായ്മകളും പ്രൊഫഷണലുകളുടെയും വിദ്യാർഥികളുടെയും യുവജനങ്ങളുടെയും പല നിലക്കുള്ള സംഘടനകളും പ്രക്ഷോഭത്തിനു പൂർണ പിന്തുണയുമായി രംഗത്തുണ്ട്. ഫേസ്ബുക്ക്, ടിറ്റർ തുടങ്ങിയവയിലൂടെ സമരത്തിന് അനുകൂലമായ വികാരം കത്തിപ്പടരുകയാണ്. വൻ നഗരങ്ങളിൽ ഇതിനകം പിന്തുണയുമായി പ്രകടനങ്ങളും റാലികളും നടന്നു. ഇന്ത്യയിലെ മറ്റനേകം സ്ഥലങ്ങളിലും യുവത്വത്തിന്റെ മുൻകൈയിൽ അനേകം കൂടിച്ചേരലുകൾ നടക്കാനിരിക്കുകയാണ്

അണ്ണാഹസാരേ ഗാന്ധിയുടെ രണ്ടാം വരവാണെന്നും പൂർണമായും ഗാന്ധിയനായ ഹസാരേയുടെ നേതൃത്വത്തിൽ ടുണീഷ്യയിലും ഈജിപ്തിലും കൊടുങ്കാറ്റായ മുല്ലപ്പൂ വിപ്ലവത്തിന്റെ സമാന തരംഗങ്ങൾ ഇന്ത്യയിലും വരാൻ പോവുകയാണെന്നും മാധ്യമങ്ങൾ ആവേശത്തോടെ പറയുന്നു. അമീർ ഖാനെപ്പോലുള്ള സിനിമാ താരങ്ങളും നിരവധി എഴുത്തുകാരും കലാകാരൻമാരും ഹസാരേയുടെ സമര വിജയത്തിനായി ഇതിനകം രംഗത്തു വന്നിട്ടുണ്ട്. ഐ.പി.എൽ ക്രിക്കറ്റിനിടെ ഗാലറികളിൽ ഹസാരേക്ക് പിന്തുണ പ്രഖ്യാപിക്കുന്ന തൊപ്പികളും ടീഷർട്ടുകളുമായി എത്തുന്നതിനുള്ള ഒരുക്കങ്ങളും നടക്കുന്നു. കേരളത്തിലും ഹസാരേയുടെ പിന്തുണക്ക് തെരുവിൽ ഇറങ്ങാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ആവേശകരമായ നിരവധി ബ്ലോഗ് പോസ്റ്റുകൾ ഇതിനകം പിറന്നു കഴിഞ്ഞു.

ഇന്ത്യയിലാകെ ഹസാരേക്ക് അനുകൂലമായി ശക്തമായ കാറ്റ് വീശുന്നുവെന്ന് വ്യക്തം. ഫലവും ഉടൻ ഉണ്ടാവുന്നുണ്ട്. സോണിയാ ഗാന്ധി അടക്കമുള്ള ഉന്നത നേതാക്കൾ ഹസാരേയെ ബന്ധപ്പെട്ടു. ആദ്യം ബിൽ നടപ്പാക്കണമെന്നും അതിനു

verutheorila.blogspot.com
എന്ന ബ്ളോഗിൽ ഏപ്രിൽ 7ന് പോസ്റ്റ് ചെയ്ത കുറിപ്പ്

പൌരസമൂഹത്തിന്റെ മുൻകൈയിൽ സമിതി രൂപവൽകരിക്കണമെന്നുമുള്ള ആവശ്യങ്ങൾ ഹസാരേയുടെ പ്രതിനിധികൾ ആവർത്തിച്ചു. സമിതിയുടെ അധ്യക്ഷനായി ഹസാരേ വരണമെന്ന ആവശ്യം സർക്കാർ ഇതിനകം തള്ളി. എന്നാൽ, ബിൽ കൊണ്ടു വരുന്നതിന് നടപടികൾ ആവാമെന്ന് സർക്കാർ സമ്മതിച്ചിട്ടുണ്ട്. ഇത്തരം സമരങ്ങൾക്ക് പുല്ലു വില കൽപ്പിക്കുന്ന അവസ്ഥയിൽനിന്ന് സർക്കാർ മാറിയെന്ന് വ്യക്തം. എന്നാൽ, അനാവശ്യ പിടിവാശികളുടെ പുറത്ത് സമരം നീട്ടിക്കൊണ്ടുപോവുന്ന മണ്ടത്തത്തിലേക്കാണ് സർക്കാറിന്റെ പോക്ക്.

## ഗാന്ധിജി വീണ്ടും വരുമ്പോൾ

രണ്ടാം സ്വാതന്ത്ര്യ സമരത്തിന്റെ അന്തരീക്ഷം ഉരുത്തിരിഞ്ഞു വരുന്നുവെന്നും പുതിയ കാലത്തി ന്റെ സമരോപാധികളായ ഇന്റർനെറ്റും മൊബൈൽ ഫോണുമെല്ലാം ഒന്നിക്കുന്ന, ഇന്ത്യ ഇതുവരെ കാണാത്ത പ്രക്ഷോഭം നടക്കാനിരിക്കുകയാണെന്നുമാണ് മാധ്യമങ്ങൾ  നൽകുന്ന വിവരം. കക്ഷി രാഷ്ട്രീയത്തിന് വെളിയിൽനിൽക്കുന്ന നിശബ്ദരായ വലിയൊരു ജനക്കൂട്ടം നീണ്ട നാളത്തെ മൌനം അവസാനിപ്പിക്കാനുള്ള ഒരുക്കത്തിലാണെന്നാണ് പ്രമുഖരായ ചില സാമൂഹിക ചിന്തകരുടെ വിലയിരുത്തൽ

സമരം ഇതിനകം തന്നെ വൻ വിജയമായി കഴിഞ്ഞെന്നാണ് വാസ്തവം. ഇതിനു ലഭിക്കുന്ന ജനപിന്തുണയും മാധ്യമ പിന്തുണയും ഉടനടി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിലേക്ക് സർക്കാർ നിർബന്ധിക്കപ്പെടുന്നതുമെല്ലാം വ്യക്തമാക്കുന്നത് അതാണ്. തെരുവു പ്രക്ഷോഭങ്ങളിലോ തെരഞ്ഞെടുപ്പുകളിലോ രാഷ്ട്രീയ പാർട്ടികളിലോ പങ്കാളികളല്ലാതെ സ്വന്തം ലോകങ്ങളിൽ കഴിഞ്ഞു കൂടുന്ന വലിയൊരു വിഭാഗത്തെ ആവേശത്തിലേക്ക് ഉയർത്തുന്നതിന് സമരം സഹായകമായി എന്നത് തർക്കമില്ലാത്ത വസ്തുത. സിവിൽ സൊസൈറ്റികളുടെ മുൻകൈയിലുള്ള പുതിയൊരു ജനകീയ മുന്നേറ്റത്തിന്റെ തുടക്കമാണ് ഇവ. അരാഷ്ട്രീയവാദ കേന്ദ്രങ്ങളായി മുദ്രകുത്തപ്പെട്ട നമ്മുടെ കാമ്പസുകളിൽ നമുക്ക് ഇതുവരെ പരിചിതമല്ലാത്ത മറ്റൊരു രാഷ്ട്രീയം നിശബ്ദമായി വളരുന്നുവെന്നും ഇന്റർനെറ്റ് അതിനുള്ള വേദിയാവുന്നുവെന്നും വിശകലനങ്ങൾ വ്യക്തമാക്കുന്നു.  ലോക്പാൽ ബിൽ എന്ന ഒറ്റ ആവശ്യത്തിൽനിന്നും മറ്റ് പലതിലേക്കും വളരാനുള്ള കൊടുങ്കാറ്റുകളുടെ വിത്തുകളാണ്  ഇത്തരം പ്രക്ഷോഭങ്ങളിലൂടെ വിതറപ്പെടുന്നതെന്നുമാണ് വിശകലനങ്ങൾ

എന്നാൽ, വികാരഭരിതമായ ഭാഷകളിലുള്ള ഇത്തരം വിലയിരുത്തലുകൾ മാത്രം മതിയോ ഇതുപോലുള്ള പ്രക്ഷോഭങ്ങളുടെ ഫലപ്രാപ്തിയും ഭാവിയും മനസ്സിലാക്കാൻ. പോരെന്നാണ് എനിക്കു തോന്നുന്നത്. വൈകാരികം ഒരു മോശം വാക്കായതു കൊണ്ടല്ല. മറിച്ച്, ഇന്ത്യൻ വൈവിധ്യങ്ങളെയും വൈരുധ്യങ്ങളെയും നിർധാരണം ചെയ്യാൻ ഇത്തരം എളുപ്പ വഴികൾ മതിയാവില്ലെന്നതു കൊണ്ടാണ് അത്തരം തോന്നലുകൾ.

## വിശകലനങ്ങളുടെ വഴികൾ!!

മൂന്ന് രീതികളിലാണ് ഈ പ്രക്ഷോഭം വ്യാപകമായി  വിലയിരുത്തപ്പെടുന്നത്.   ഒന്ന് ഗാന്ധിജിയുടെ രണ്ടാം വരവ് എന്ന നിലയിൽ. രണ്ട് രാഷ്ട്രീയ കക്ഷികളുടെ നുകങ്ങളിൽ പെടാത്ത അഭ്യസ്ഥവിദ്യരായ പുതിയ ഇന്ത്യൻ യുവത്വത്തിന്റെ രാഷ്ട്രീയ പ്രഖ്യാപനം എന്ന നിലയിൽ. മൂന്ന് ഇന്റർനെറ്റ് സംവാദങ്ങളിൽനിന്ന് ഉരുത്തിരിയുന്ന മുല്ലപ്പൂ രാഷ്ട്രീയത്തിന്റെ വകഭേദം എന്ന നിലയിൽ

ലോക്പാൽ ബില്ലിന്റെ ആവശ്യകതയെയും അണ്ണാഹസാരേയുടെ സമരത്തെയും പൂർണമായും പിന്തുണക്കുമ്പോഴും ചില ചോദ്യങ്ങൾ, സന്ദേഹങ്ങൾ മനസ്സിൽ അവശേഷിക്കുന്നുണ്ട്. ഇക്കാലമത്രയും ഇവിടെ ജീവിക്കുകയും ഇവിടത്തെ മാധ്യമ രാഷ്ട്രീയത്തെയും മധ്യവർഗ പൊതുബോധത്തെയും അറിയുകയും ചെയ്യുന്നതു കൊണ്ടുള്ള  ചില  ചോദ്യങ്ങൾ

എന്തു കൊണ്ട് അണ്ണാഹസാരേ? എന്തുകൊണ്ട് അതിന് ഇത്ര മാത്രം സ്വീകാര്യത? ജീവിക്കാനുള്ള അവകാശങ്ങൾക്കു വേണ്ടി രാജ്യത്തുടനീളം നടക്കുന്ന പോരാട്ടങ്ങളെ തമസ്കരിക്കുന്ന മാധ്യമങ്ങൾ പൊടുന്നനെ സാമൂഹിക പ്രതിബദ്ധത തിരിച്ചറിഞ്ഞ് ഇതിന്റെ പതാകവാഹകരായി വന്നതെങ്ങിനെ. വടക്കു പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽ ഭരണകൂട ഭീകരത കത്തിപ്പടരുമ്പോഴും ഇറോം ശർമിളയെപ്പോലൊരു പോരാളി ഇതേ നിരാഹാര സമരം വർഷങ്ങൾ പിന്നിടുമ്പോഴും അനങ്ങാത്ത ഇന്ത്യൻ യുവത്വം ഇപ്പോൾ മാത്രം തീപ്പന്തമാവാൻ  കാരണമെന്തായിരിക്കും. മാവോയിസ്റ്റുകളോടുള്ള യുദ്ധത്തിന്റെ പേരിലും വൻകിട കോർപറേറ്റുകൾക്ക് ദേശത്തിന്റെ മടിക്കുത്തഴിച്ചു കൊടുക്കുമ്പോഴും അതിനെതിരായ പോരാട്ടങ്ങളെ ചോരയിൽ മുക്കിക്കൊല്ലുമ്പോഴും ഉണരാത്തവർ ഇപ്പോൾ മാത്രം  നെഞ്ചു വിരിക്കാൻ കാരണമെന്തായിരിക്കും. തീർച്ചയായും കാരണമുണ്ടാവും. ആ കാരണം എന്തെന്നതിന് അനുസരിച്ചായിരിക്കും വരുംകാലത്തിന്റെ പ്രക്ഷോഭസ്വപ്നങ്ങൾ

അഴിമതിക്കെതിരെ ആദ്യമായി നടക്കുന്ന പ്രക്ഷോഭമല്ല അണ്ണാ ഹസാരേയുടേത്. അണ്ണാ ഹസാരേയുടെ മുൻകൈയിൽ നടക്കുന്ന ആദ്യ പ്രക്ഷോഭവുമല്ല ഇത്. ഭരണകൂടത്തിന്റെ ജനവിരുദ്ധതകൾക്കെതിരെ ഗാന്ധിയൻ രീതിയിൽ നടക്കാറുള്ള പ്രക്ഷോഭങ്ങളൊന്നും ക്ലച്ച് പിടിക്കാറില്ലെന്ന് സമീപകാല ഇന്ത്യൻ യാഥാർഥ്യമാണ്.  എന്നിട്ടും ഇത് കൊടുങ്കാറ്റുകൾക്ക് കാരണമാവുന്നത് എങ്ങിനെയാണ്. ഭരണകൂടം നിന്ന നിൽപ്പിൽ തീരുമാനങ്ങൾ മാറ്റാൻ നിർബന്ധിക്കപ്പെടുന്ന വിധം ഇത് ശക്തമാവുന്നത് എന്തെന്ത് ചേരുവകളുടെ മിശ്രണം കൊണ്ടായിരിക്കും. അഴിമതി എന്നത് എല്ലാ ഇന്ത്യക്കാരെയും ജാതി, വർണ, വർഗ,ഭാഷാ,വംശ വിശ്വാസങ്ങൾക്ക് അതീതമായ  പ്രക്ഷോഭത്തിന് ഒന്നിപ്പിക്കുന്ന ഒരു പ്ലാറ്റ്ഫോം ആവുന്നത് എങ്ങിനെയാണ്

## അഴിമതിയുടെ അച്ഛനാര്?

അഴിമതിയിൽ മുങ്ങിയതാണ്  ഇന്ത്യൻ ഭരണകൂടങ്ങൾ എന്ന് പൂർണമായി വിശ്വസിച്ചു കൊണ്ട് തന്നെ ചോദിക്കാം, സത്യത്തിൽ രാഷ്ട്രീയക്കാർ മാത്രമാണോ അഴിമതിക്കാർ. വൻകിട ബ്യൂറോക്രാറ്റുകൾ, ഉദ്യോഗസ്ഥർ, ബിസിനസുകാർ,  കലാകാരൻമാർ, സിനിമാക്കാർ, പ്രൊഫഷണലുകൾ, അധ്യാപകർ തുടങ്ങിയവരെല്ലാം അഴിമതി മുക്തമാണോ. അവരുടെ കുടുംബങ്ങളിൽനിന്ന് വിദ്യാഭ്യാസത്തിലൂടെയും മറ്റ് ഉയർന്നു പൊങ്ങിയ തലമുറക്ക് അപ്പോൾ, അഴിമതിയിൽ ഒരു പങ്കാളിത്തവുമില്ലേ. ഇപ്പറയുന്ന മാധ്യമ പ്രവർത്തകരുടെ കാര്യമെന്താണ്.  നീരാറാഡിയ ടേപ്പിൽ പരാമർശിച്ച അതേ മാധ്യമപ്രവർത്തകരാണല്ലോ സദാ

ചാര പ്രസംഗത്തിലൂടെ ആളെക്കൂട്ടുന്നത്. അഴിമതിക്കെതിരെ കുരിശുയുദ്ധം നടക്കുന്നുവെന്ന് ഉദ്ഘോഷിക്കുന്ന ടൈംസ് ഓഫ് ഇന്ത്യ അടക്കമുള്ള പത്രങ്ങളല്ലേ കോർപ്പറേറ്റുകൾക്കായി ഇന്ത്യൻ മാധ്യമ മടിക്കുത്തഴിച്ചു തുടങ്ങിയത്. നമ്മുടെ സർക്കാരിതര സംഘടനകളുടെ കാര്യമെന്താണ്. വിദേശ ഫണ്ടിംഗ് ഏജൻസികൾക്കു വേണ്ടി അവർ എന്തൊക്കെയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. എത്രമാത്രം പണം വാരുന്ന ബിസിനസാണ് ഇപ്പോൾ സന്നദ്ധ പ്രവർത്തനം. പിന്നെ ഗാന്ധിയൻമാർ. നമ്മുടെ നാട്ടിലെ ഗാന്ധിയൻമാരെ നമുക്കറിയാം. പത്രത്തിൽ പടം വരുന്നതിന് വേണ്ടി അവർ തട്ടിക്കൂട്ടുന്ന കേപ്രായങ്ങളും. ഇത്തിരി കാശിനു വേണ്ടി എല്ലാ തോന്ന്യാസങ്ങൾക്കും നേരെ കണ്ണടക്കാറുള്ള അതേ ഗാന്ധിയൻമാർക്ക് ഇപ്പോൾ മാത്രം സത്യസന്ധതയും ആത്മാർഥതയും വഴിഞ്ഞൊഴുകാൻ കാരണമെന്താവാം. (തീർച്ചയായും ഹസാരേയെ പോലെ, മേധാ പട്കറെ പോലെ, രാജ്യത്ത് അസംഖ്യം ജനകീയ പ്രക്ഷോഭങ്ങളിൽ നിശ്ശബ്ദമായി പ്രവർത്തിക്കുന്ന, ഇത്തരം അവകാശവാദങ്ങൾ കൊണ്ടു നടക്കാത്ത വലിയ മനുഷ്യരെ ഒഴിവാക്കിയാണ് ഗാന്ധിയൻ എന്ന ആ പദം ഉപയോഗിച്ചത്)

പിന്നെ ഹസാരേ അടക്കമുള്ളവർ ആവശ്യപ്പെടുന്ന ലോക്പാൽ സമിതിയുടെ കാര്യം. സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, ഹൈക്കോടതി ചീഫ് ജസ്റ്റിസ് പദവിയിൽ ഇരുന്ന രണ്ട് പേർ എന്നിവരടങ്ങുന്ന സമിതിയാണ് ലോക്പാൽ. നേരിട്ടറിയാമല്ലോ നമ്മുടെ ജഡ്ജിമാരുടെ കാര്യം. നാട്ടുകാരനായ ഒരു മുൻ ചീഫ് ജസ്റ്റിസിന്റെ അഴിമതിക്കഥകൾ പാട്ടായത് ഈയടുത്തല്ലേ. മറ്റനേകം ജഡ്ജിയങ്ങുന്നുമാർ കാശിനു വിധിയെഴുതുന്നതിന്റെ എത്ര കഥകളാണ് ഈയിടെ പുറത്തു വന്നത്. സത്യസന്ധരായ ജഡ്മിമാർ ഒരുപാട് അവശേഷിക്കുന്നുണ്ടാവാം. എന്നാൽ, എക്സിക്യൂട്ടീവിന്റെ കാർക്കശ്യങ്ങൾക്ക് വഴിപ്പെടുന്നവരാണ് അവരിൽ പലരുമെന്നത് ഇക്കാലം കൊണ്ട് നമ്മൾ തിരിച്ചറിഞ്ഞതാണല്ലോ. വ്യവസ്ഥകൾക്ക് രൂപം നൽകുന്ന പൊതു സമിതിയിൽ പൊതുപ്രവർത്തകർക്ക് പ്രാതിനിധ്യം വേണമെന്ന ആവശ്യം ന്യായമാണ്. എന്നാൽ, അതു കൊണ്ടു മാത്രം 'മാ




വേലിരാജ്യം' വരുമെന്ന് കരുതുന്നത് വിഡ്ഢിത്തമാണ്.

### പുതുതലമുറ പ്രക്ഷോഭങ്ങളുടെ രാഷ്ട്രീയം

പിന്നെ, യുവത്വത്തിന്റെ സർഗാത്മക മുന്നേറ്റം. ജാതിയും വർഗങ്ങളും വർണവും മറ്റനേകം ഘടകങ്ങളാലും വിഭജിക്കപ്പെടുന്ന ഇന്ത്യൻ യുവത്വം എന്ന സംജ്ഞയെ ഏക രൂപമായി കാണാനാവില്ല. അഴിമതി പോലുള്ള ചില കാര്യങ്ങളിൽ ഒന്നിച്ചു നിൽക്കാൻ കഴിയുമെങ്കിലും മറ്റ് കാര്യങ്ങളിൽ ഈ സൈബർ യുവത്വം പല തട്ടുകളിൽ തന്നെയാണ്. ഫേസ്ബുക്കിലെയും ഗൂഗിൾ ബസിലെയും മറ്റും സംവാദങ്ങളുടെ രാഷ്ട്രീയം ശ്രദ്ധിച്ചാൽ ഇതറിയാം.

വൻ നഗരങ്ങളിൽ ഇതിനു സമാനമായി ഈയടുത്തു നടന്ന ചില പ്രക്ഷോഭങ്ങൾ നമുക്ക് ഇതിനൊപ്പം ഓർക്കാവുന്നതാണ്. മുംബൈ ആക്രമണം നടന്ന ഉടൻ വിവിധ സർക്കാരിതര സംഘങ്ങളുടെയും ഇന്റർനെറ്റ് കൂട്ടായ്മകളുടെയും മുൻകൈയിൽ നടന്ന പ്രക്ഷോഭം 'യുദ്ധം, യുദ്ധ'മെന്ന് അലറി വിളിക്കുന്നതായിരുന്നു. കാര്യ കാരണങ്ങളോ അനന്തര ഫലങ്ങളോ ആലോചിക്കാത്ത വികാര പ്രകടനം. അതിനുമുമ്പ് ഇത്തരം വൻ മുന്നേറ്റം നടന്നത് സംവരണത്തിനെതിരായിരുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം വേണ്ടെന്ന് ആർത്ത് തെരുവുകളിൽ ഇറങ്ങിയ യുവത്വം സവർണതയുടെ യുദ്ധ പ്രഖ്യാപനം തന്നെയായിരുന്നു.

ഈ സമരങ്ങളുടെയെല്ലാം രാഷ്ട്രീയം പരസ്പര ബന്ധിതമായിരുന്നു. അത് സവർണമായിരുന്നു. കീഴാള വിരുദ്ധമായിരുന്നു. സാധാരണക്കാരന്റെ ജീവിതവും മനസും വായിക്കാനറിയാത്ത മധ്യ വർഗ, ഉപരിവർഗ രാഷ്ട്രീയമായിരുന്നു അതിൽ മുന്നിട്ടു നിന്നത്. ഈ പ്രക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് അന്ന് നടന്ന ചാനൽ സംവാദങ്ങളും പിൽക്കാലത്തുണ്ടയ പഠനങ്ങളും ഇക്കാര്യം അക്കമിട്ടു വ്യക്തമാക്കിയിട്ടുണ്ട്.

അതിനാൽ, അണ്ണാ ഹസാരെയെയും അദ്ദേഹം മുന്നോട്ടു വെക്കുന്ന ആശയങ്ങളെയും പിന്തുണക്കുമ്പോൾ തന്നെ ആ സന്ദർഭം മറ്റൊരു ജാസ്മിൻ വിപ്ലവവും ഇന്ത്യൻ യുവത്വത്തിന്റെ പുത്തൻ വിപ്ലവവും ആയി ഏറ്റെടുക്കാനുള്ള ശ്രമങ്ങളെ സംശയത്തോടെ കാണാതിരിക്കാനാവില്ല. അതിവൈകാരികത കലർന്ന മാധ്യമ വിശകലനങ്ങളും ഇന്റർനെറ്റ് സംവാദങ്ങളും മാത്രം മതിയാവില്ല ഇത്തരം സന്ദർഭങ്ങൾ മനസ്സിലാക്കാൻ.

വാൽക്കഷണം: ഇതെഴുതുമ്പോൾ ബസിൽ ഒരു നിർദേശം കണ്ടു. ബ്ലോഗ് അക്കാദമി അടക്കമുള്ള കൂട്ടായ്മകളുടെ നേതൃത്വത്തിൽ കലക്ടറേറ്റുകൾക്കോ പ്രസ്ക്ലബുകൾക്കോ മുന്നിൽ പ്രകടനങ്ങൾ നടത്തണമെന്ന്. പ്രകടനം നടത്താൻ പ്രസ്ക്ലബിനു മുൻവശം തന്നെ വേണമെന്ന് പറയാൻ കാര്യമെന്തായിരിക്കും.

**അഴിമതി തടയുക എന്ന ലക്ഷ്യത്തോടെ പൊതുപ്രവർത്തകർ തയ്യാറാക്കിയ മാതൃകയാണ് ജനലോക്പാൽ ബിൽ. അതേ സമയം സർക്കാർ തന്നെ ലോക്പാൽ ബിൽ എന്ന പേരിൽ മറ്റൊരു ബിൽ തയ്യാറാക്കിയിട്ടുണ്ട്. പൊതുപ്രവർത്തകർ തയ്യാറാക്കിയ ബില്ലിൽ നിന്നും ഏറെ വ്യത്യസ്തമാണ് അത്. ലോക്പാൽ സംവിധാനത്തിൽ രാഷ്ട്രീയക്കാർക്ക് ഇടപെടാനുള്ള കൃത്യമായ പഴുതുകളുള്ള സർക്കാർ ലോക്പാൽ ബിൽ അഴിമതി തടയുന്നതിൽ അവർക്കുള്ള ആത്മാർത്ഥതക്കുറവ് വ്യക്തമാക്കുന്നു**

# ജനലോക്പാൽ ബില്ലിലെയും സർക്കാർ ലോക്പാൽ ബില്ലിലെയും വ്യവസ്ഥകൾ

## ജനലോക്പാൽ ബിൽ

1. ലോക്പാൽ എന്ന പേരിൽ കേന്ദ്രത്തിലും ലോകായുക്ത എന്ന പേരിൽ സംസ്ഥാനങ്ങളിലും സമിതി രൂപീകരിക്കുക.

2. സുപ്രീംകോടതി, തിരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയവരെപ്പോലെ സമിതി പൂർണ്ണമായും സ്വതന്ത്രമായിരിക്കണം. ഏതെങ്കിലും മന്ത്രിക്കോ ഉദ്യോഗസ്ഥനോ അതിന്റെ അന്വേഷണത്തിൽ ഇടപെടാൻ അധികാരമുണ്ടായിരിക്കില്ല.

3. അഴിമതി കേസിലെ അന്വേഷണം ഒരുവർഷത്തിൽ അധികം നീളാൻ പാടില്ല. എത്ര വലിയ അഴിമതിക്കേസായാലും ഒരു വർഷത്തിനുള്ളിൽ അന്വേഷണം നടത്തണം. അടുത്ത ഒരു വർഷത്തിനുള്ളിൽ കേസും പൂർത്തിയാക്കണം. കുറ്റക്കാരെന്നു കണ്ടെത്തുന്നവർ അന്വേഷണം തുടങ്ങി രണ്ട് വർഷത്തിനുള്ളിൽ ജയിലിലാകണം.

4. അഴിമതിമൂലം സർക്കാറിനുണ്ടായ നഷ്ടം കുറ്റക്കാരനായ വ്യക്തിയിൽ നിന്നും തിരിച്ച് പിടിക്കണം.

5. ഒരു പൗരനുമായി ബന്ധപ്പെട്ട കാര്യങ്ങൾ യഥാസമയം ചെയ്യുന്നതിൽ ഏതെങ്കിലും സർക്കാർ ഓഫീസിൽ നിന്നും വീഴ്ചയുണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ലോക്പാലിന് പിഴ ഈടാക്കാം. ഈ പിഴ പരാതിക്കാരന് നൽകണം.

6. ഒരു പൗരന്റെ റേഷൻകാർഡ്, വോട്ടർകാർഡ്, പാസ്പോർട്ട് തുടങ്ങിയവ അനുവദിക്കുന്നതിലോ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിലോ ബന്ധപ്പെട്ടവർ വീഴ്ച വരുത്തിയാൽ പ്രസ്തുത വ്യക്തിക്ക് ലോക്പാലിൽ പരാതി നൽകാം. ഒരു മാസത്തിനുള്ളിൽ ഈ പരാതിയിൽ തീർപ്പ് കൽപ്പിക്കണം. റോഡിന്റെ ശോചനീയാവസ്ഥ, പഞ്ചായത്ത് ഫണ്ട് വകമാറ്റൽ തുടങ്ങിയ കാര്യങ്ങളിലും പരാതി നൽകാം. ഇതിൽ അന്വേഷണം പൂർത്തിയാകുന്നതിന് ഒരു വർഷമാണ് സമയം.

7. തികച്ചും സുതാര്യമായ നടപടികളിലൂടെ ജഡ്ജിമാർ, പൗരന്മാർ, ബന്ധപ്പെട്ട അതോറിറ്റികൾ തുടങ്ങിയവരാണ് ലോക്പാൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. രാഷ്ട്രീക്കാർക്ക് ഇതിൽ ഇടപെടാനാവില്ല. ലോക്പാൽ അംഗങ്ങൾക്കെതിരേ പരാതിയുണ്ടായാൽ അതും അന്വേഷിക്കുകയും രണ്ട് മാസത്തിനുള്ളിൽ പ്രസ്തുത അംഗത്തെ പിരിച്ചുവിടുകയും ചെയ്യും.

8. നിലവിലുള്ള വിജിലൻസ് കമ്മീഷൻ, ആന്റി കറപ്ഷൻ ബ്രാഞ്ച് തുടങ്ങിയ അഴിമതി വിരുദ്ധ വിഭാഗങ്ങളെ ലോക്പാലിൽ ലയിപ്പിക്കും. ആരേയും പ്രേസിക്യൂട്ട് ചെയ്യാനുള്ള ശക്തമായ അധികാരം ലോക്പാലിന് ഉണ്ടാകും.

9. അഴിമതിക്കെതിരേ ശബ്ദിക്കുകയും പരാതി നൽകുകയും ചെയ്യുന്നവരെ സംരക്ഷിക്കാനുള്ള ബാധ്യത ലോക്പാൽ ബില്ലിന് ഉണ്ടായിരിക്കും.

## സർക്കാർ ലോക്പാൽ ബിൽ

1. ലോക്പാൽ അന്വേഷണത്തിനുള്ള പരാതി ബന്ധപ്പെട്ട അതോറിറ്റിക്കാണ് കൈമാറേണ്ടത്. കാബിനറ്റ് മന്ത്രിമാരാണെങ്കിൽ പ്രധാനമന്ത്രിയും എം.പി മാരാണെങ്കിൽ ലോക്സഭ, രാജ്യസഭ അധ്യക്ഷന്മാരുമാണ് പരാതി അതോറിറ്റി. പരാതിയിൽ ലോക്പാൽ അന്വേഷണം വേണമോ വേണ്ടയോ എന്ന കാര്യം മാത്രമല്ല, അന്വേഷണത്തിന് ശേഷം ലോക്പാൽ നൽകുന്ന ശുപാർശ നടപ്പാക്കണമോ വേണ്ടയോ എന്നതും പരാതി അതോറിറ്റിയാണ് തീരുമാനിക്കുന്നത്.

2. ആരെയും ചോദ്യംചെയ്യാനോ അറസ്റ്റ് ചെയ്യാനോ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാനോ ലോക്പാലിന് അധികാരമില്ല. പോലീസിന്റെ അധികാരം പോലും നൽകപ്പെട്ടിട്ടില്ല. ലോക്പാൽ അന്വേഷണം പ്രാഥമിക അന്വേഷണം മാത്രമായാണ് പരിഗണിക്കുക. ഒരാൾ കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ ആര് അയാൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിക്കും ആര് വിചാരണ നടപടികൾക്ക് മുൻകൈയെടുക്കും ആര് പ്രോസിക്യൂഷൻ അഭിഭാഷകനെ നിയമിക്കും തുടങ്ങിയ കാര്യങ്ങൾ ബില്ലിലില്ല.

3. മന്ത്രിമാരേയും എം.പി മാരേയും കുറിച്ചുള്ള പരാതികൾ അന്വേഷിക്കാൻ മാത്രമാണ് ലോക്പാൽ ബില്ലിന് അധികാരമുള്ളത്. ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്താൻ അധികാരമില്ല. ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ വിജിലൻസ് കമ്മീഷനും രാഷ്ട്രീയക്കാർക്കെതിരെയുള്ളത് ലോക്പാലിലും അന്വേഷിക്കട്ടെ എന്നാണ് സർക്കാർ നിലപാട്. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും ചേർന്നുള്ള അഴിമതിയിൽ സമഗ്രമായ അന്വേഷണം ഇതോടെ സാധ്യമാകും.

4. ലോക്പാൽ അംഗങ്ങളുടെ എണ്ണം മൂന്നായിരിക്കണം. അംഗങ്ങളെല്ലാവരും റിട്ടയേർഡ് ജഡ്ജിമാരായിരിക്കണം. ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, ഇരുസഭകളിലേയും കക്ഷി നേതാക്കന്മാർ, ഇരുസഭകളിലേയും പ്രതിപക്ഷനേതാക്കൾ, നിയമമന്ത്രി, ആഭ്യന്തരമന്ത്രി എന്നിവരടങ്ങിയ സമിതിയാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്.

5. പ്രധാനമന്ത്രിക്കെതിരായ ഒരു പരാതിയും അന്വേഷിക്കാൻ ലോക്പാലിന് അധികാരമില്ല. വിദേശകാര്യം, സുരക്ഷ, പ്രതിരോധം എന്നിവയുമായി ബന്ധപ്പെട്ട കാര്യവും അന്വേഷിക്കാനാവില്ല.